DESPATCHED
On..06/02/2020
22.1.20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in

ഹർജി നമ്പർ **CP 380(6)/2018/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.4617/SIC-Gen5/2018**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ബിസ്മില്ല ഹർഷൽ എൻ.പി.,<br>നടേലത്ത് പറമ്പിൽ വീട്,<br>കുണ്ടൂർ, നന്നമ്പ്ര പി.ഒ.,<br>മലപ്പുറം - 676 320. | പരാതി ഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>പി.എം.എസ്.ടി. ആർട്സ് & സയൻസ് കോളേജ്,<br>കുണ്ടൂർ, നന്നമ്പ്ര പി.ഒ.,<br>മലപ്പുറം - 676 320. | എതിർകക്ഷി |

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 15.12.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 28.4.2018 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 4.5.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 14.1.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | - |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 22..1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം |
| ഹിയറിംഗ് സാന്നിദ്ധ്യം | ഇരുകക്ഷികളും ഹാജരുണ്ടായില്ല. |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ബിസ്മില്ല ഹർഷൽ എൻ.പി., കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ യാതൊരു വിവരവും മറുപടിയും ലഭിച്ചില്ലെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, (i) കുണ്ടൂർ പി.എം.എസ്.ടി. ആർട്സ് & സയൻസ് കോളേജിൽ ആകെ എത്ര അദ്ധ്യാപകർ ഉണ്ടെന്നും (ii) മേൽപ്പടി അദ്ധ്യാപകരുടെ പേരും വിലാസവും അവർ പഠിപ്പിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച വിവരവും അവരുടെ യോഗ്യതയും അവർക്കു നൽകുന്ന ശമ്പളവും സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കണമെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. കുണ്ടൂർ പി.എം.എസ്.ടി. ആർട്സ് & സയൻസ് കോളേജ് ഒരു അൺഎയ്ഡഡ് കോളേജ് ആണെന്നും ആയതിനാൽ വിവരാവകാശ നിയമം 2(എച്ച്) പ്രകാരം നിർവ്വചിച്ചിട്ടുള്ള ' പൊതു അധികാരി ' അല്ലെന്നും മേൽപ്പടി കോളേജ് അധികൃതരെ കമ്മീഷൻ ബന്ധപ്പെട്ടതിൽ വ്യക്തമാക്കുകയുണ്ടായി. മേൽപ്പടി സ്ഥാപനം സർക്കാരിൽ നിന്നും ഏതെങ്കിലും ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന സ്ഥാപനം അല്ലെന്നും ആയത് സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതും വിവരാവകാശ നിയമ പ്രകാരമുള്ളതുമായ പൊതു അധികാരി ആണെന്നു തെളിയിക്കുന്ന യാതൊന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുമില്ല.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 22-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk